# Week -2

## Weekly Devotion - September 2017
## Sin; A Destuctive Fire
### (നശിപ്പിക്കുന്ന അഗ്നി- പാപം)



മനുഷ്യരിലേക്ക് എത്തേണ്ട നന്മയെ നശിപ്പിക്കുന്ന അഗ്നിയാണ് പാപം. ഒരുവ്യക്തി നന്മയുള്ളവനാകണമെങ്കിൽഎന്തെല്ലാംകാര്യങ്ങൾ അറിഞ്ഞിരിക്കേണമെന്ന് റോമൻ (12:1-3) ഭാഗത്ത്വ്യക്തമാക്കുന്നു.

1. നമ്മുടെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദം ഉള്ളതുമായിസൂക്ഷിക്കേണം.
2. ലോകത്തിന് അനുരൂപരാകരുത്.
3. ദൈവഹിതംതിരിച്ചറിയുന്നവരാകണം.

ഈ 3 കാര്യങ്ങൾ അനുസരിക്കുന്നവർലക്ഷ്യബോധമുള്ളവരാകയാൽഅവർക്ക്ഒരിക്കലുംവഴിതെറ്റുകയില്ല, ഇവർആത്മധൈര്യത്തോടെ ക്രിസ്തുവിനോട്ചേർന്ന്ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുകയുംചെയ്യുന്നു.

എന്നാൽ നന്മഉള്ളിലില്ലാത്ത പാപി ലക്ഷ്യമില്ലാത്ത വേട്ടപ്പട്ടിയെപ്പോലെഅലയുന്നവനാണ്.വേട്ടപ്പട്ടി കൊഴുത്ത മാനിനെക്കണ്ട് പുറകെ ഓടിയാൽ പിന്നീട് കുറുക്കനെക്കണ്ടഗന്റ ലക്ഷ്യംതെറ്റി വഴിമാറിഓടുന്നു. തുടർന്ന് മുയലിനെ കണ്ടാൽ മാനിന്റെയുംകുറുക്കന്റെയുംകാര്യംമറന്ന്മുയലിന്റെ പുറകേഓടും. ലക്ഷ്യബോധമില്ലാത്ത ഇവൻ അവസാനം എലിയുടെമാളത്തിന്റെ മുൻപിൽ നിരാശനായി ഇരുന്ന് ഒന്നും ലഭിക്കാത്തവനായിമടങ്ങും. ലക്ഷ്യബോധമില്ലാത്തവൻ

നമ്മുടെ ശത്രുവാണ്. സഭാപ്രസംഗി(9:18) ൽ പറയുന്നു"ഒരൊറ്റ പാപി വളരെ നന്മ നശിപ്പിച്ചുകളയുന്നു"എന്ന്. നന്മയുള്ളഒരുവ്യക്തിയെയോ, സഭയെയോ, ദേശത്തെയോ നശിപ്പിക്കുവാൻ ലക്ഷ്യബോധമില്ലാത്ത ഒരു പാപി മതിയെന്ന്തെളിയിക്കുന്ന സംഭവങ്ങളാണ്ഇന്ന് നമ്മുടെ ചുറ്റും നടക്കുന്നത്.

ആത്മഹത്യയുംകൊലപാതകവുംവർധിക്കുവാൻ കാരണം മനുഷ്യരിലെ നന്മയുടെഉറവവറ്റിയതാണ്. നന്മയ്ക്ക് ക്ഷീണം സംഭവിക്കുമ്പോൾ പാപം ശക്തിപ്പെടുന്നു. നന്മ, കരുതൽ, സ്നേഹം ഈ വഴികൾ മറന്നവർഇന്ന്വഴിതെറ്റി ബാറിലെ നീണ്ട നിരയിലേക്ക്, ലഹരിയുടെലോകത്തേക്ക് എത്തി പാപാഗ്നിക്കിരകളാകുന്നു. ഈ തീ അവരെ മാത്രമല്ല അവരോടൊപ്പമുള്ള .പ്രിയപ്പെട്ടവരെയും അവരുമായി ബന്ധപ്പെട്ടവരെയുംതകർക്കുന്നു. താത്കാലികമോഹത്തിൽവീണ് തകരുമ്പോൾ നന്മയുടെവാക്കുകൾ നൽകുന്നവരെഅവർവെറുക്കുകയും അവഗണിക്കുകയുംചെയ്യുന്നു, അപ്പോ:(27:11-13) വരെയുള്ള ഭാഗത്ത്കർത്താവിന്റെസാക്ഷിയായി നിൽക്കുന്ന പൗലോസിന്റെവാക്കുകളേക്കാൾകപ്പിത്താൻ (മാലുമി), കപ്പലുടമസ്ഥൻ ഇവരുടെവാക്കുകൾക്കാണ്അവർവിലകൊടുത്തത്. തെക്കൻകാറ്റിനനുസരിച്ചല്ലാ, (സാഹചര്യങ്ങൾക്കനുസരിച്ചല്ല) ദൈവമക്കൾ യാത്ര ചെയ്യേണ്ടത് ദൈവീക നിർദ്ദേശം അനുസരിച്ചാണ്. പൗലോസിന്റെ നന്മയുടെവാക്കുകൾ അവഗണിച്ചവർക്ക്ഉണ്ടായതകർച്ച ഭയങ്കരമായിരുന്നുഎന്നാൽദൈവത്തിനു വേണ്ടവരെ തകർക്കുവാൻ ഒരുകാറ്റിനും ദൈവംഅനുവാദം നൽകിയില്ലഎന്ന് മാത്രമല്ല പൗലോസിന്റെവാക്കുകൾദൈവീക നിർദ്ദേശപ്രകാരമെന്ന്അവർ മനസ്സിലാക്കുവാൻ ആരുടെയുംജീവന് അപകടംവരാതെദൈവംകാത്ത്സൂക്ഷിക്കുകയുംചെയ്തു.

പാപാഗ്നിആരാധനയിൽനിന്ന് ജനത്തെ മുടക്കുന്നതാണ്. ഒരിക്കൽ ഒരു ദൈവദാസൻ തന്റെ സഭയിലെചിലയുവാക്കൾ പ്രാർത്ഥനയ്ക്ക്വരാത്തതിനെപ്പറ്റിതിരക്കി. ഈ യുവാക്കളുടെ അമ്മമാർ സഭയിൽവിവരം പറയും സഭശ്രദ്ധയോടെ പ്രാർത്ഥിക്കും. ഇത്അറിയാവുന്ന യുവാക്കൾ പ്രാർത്ഥിക്കുന്ന ഉത്തരവാദിത്വംസഭയെ ഏൽപ്പിച്ച് അലസഗമനം ഉള്ളവരായിമാറി.അടുത്ത ദിവസം താൻ മനസ്സിലാക്കിയ വിവരം സഭയെ അദ്ദേഹം ഉചിതമാം വിധത്തിൽ ധരിപ്പിച്ചു. സഭ പ്രാർത്ഥിക്കുന്ന വിഷയത്തിന് മറുപടി ലഭിക്കണമെങ്കിൽ ദൈവം അയയ്ക്കുന്ന

ദൂതന്മാരും അവരെക്കുറിച്ച് നല്ല റിപ്പോർട്ട് നൽകിയാലേ പറ്റുകയുള്ളൂ. ഇവരിൽ നന്മയില്ല, ലക്ഷ്യബോധവുമില്ല മാത്രമല്ലലോകത്തിന്റെസന്തോഷത്തിൽകഴിയുന്ന ഇവർക്ക്അങ്ങ്മറുപടി നൽകേണ്ട എന്നാണ് ദൂതൻ പറയുന്നതെങ്കിൽഅതിന് ഉത്തരവാദികൾ നിങ്ങൾത്തന്നെയാണ്, നിങ്ങളെകത്തിനശിപ്പിക്കുന്ന പാപാഗ്നിക ളാണ്. അതിനാൽ നന്മവേണ്ടവർദൈവത്തിന്റെ ബലമുള്ള ഭുജത്തിൻ കീഴെതാണിരുന്ന് അനുഗ്രഹം പ്രാപിക്കണം.

പാപാഗ്നിയുടെ ചാരത്തെ മാറ്റി ഉള്ളിലെ ലക്ഷ്യബോധത്തെ കത്തിക്കണമെ ങ്കിൽഉയരത്തിൽ നിന്ന് തീ ഇറക്കണം. ആ തീ എങ്ങനെ കർമ്മേലിൽ വന്നു? യാഗവസ്തുവും യാഗപീഠവും ഏലിയാവ് നനച്ചു. അതുപോലെ അനുതാപ ത്തിന്റെ കണ്ണുനീരിനാൽ നാമും യാഗവസ്തുക്കളെ നനച്ചാൽ ഉയരത്തിലെ തീ ഇറങ്ങും. പിന്നീട്ഒരു പാപാഗ്നിയും നമ്മെതൊടുകയില്ല. കുഞ്ഞുങ്ങളേ ആ ഉയര ത്തിലേക്ക് സഹായമാകുന്ന പർവ്വതത്തിലേക്ക് കണ്ണുകളെ ഉയർത്തുക നന്മ നിങ്ങളെ പിൻതുടരും. ദൈവംഅതിനായിസഹായിക്കട്ടെ.

## പ്രാർത്ഥന

പ്രിയയേശുവേ ! സാഹചര്യത്തിനനുസരിച്ച് ജീവിതത്തെ നയിക്കുന്നവരല്ല ദൈവീക നിർദ്ദേശം അനുസരിക്കുന്നവരാക്കി ഞങ്ങളെ തീർക്കേണമേ. ലോകത്തി നനുരൂപരാകാതെ വിശുദ്ധജീവിതം നയിപ്പാൻ ഞങ്ങളുടെ കുഞ്ഞുങ്ങളെ സഹായിക്കേണമേ. യേശുവിന്റെ നാമത്തിൽതന്നെ ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind